II ഇ.ബി. XIV - കേരള നിയമസഭ/XIX-6

**പതിനാലാം കേരള നിയമസഭ**

പത്തൊമ്പതാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2020 മാർച്ച് 12, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16 (*211) മൃഗചികിത്സാ സൗകര്യങ്ങൾ

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, മൃഗചികിത്സാ രംഗത്ത് ശസ്ത്രക്രിയ ഉൾപ്പെടെ ആധുനിക ചികിത്സാ-രോഗനിർണ്ണയ സംവിധാനങ്ങളോടുകൂടിയ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നും വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 105 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ടെന്നും അടുത്ത സാമ്പത്തിക വർഷം കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും സഭയെ അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലും

മരടിൽ പ്രവർത്തിക്കുന്ന State Laboratory for Livestock Marine and Agri Products-ലും ആന്റിബയോട്ടിക്കുകളുടെ റെസിഡ്യൂ ലെവൽ കണ്ടെത്തുന്നതിനുള്ള HPLC സാങ്കേതികവിദ്യ നിലവിലുണ്ടെന്നും മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിൽ കൂടുതൽ തസ്തികകൾ ആവശ്യമാണെന്നും ഡിജിറ്റൽ എക്സ്റേ മെഷീൻ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പക്ഷിപ്പനിക്കെതിരെ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം പ്രതിരോധ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി കോഴികളെ നഷ്ടമായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കന്നുകാലികളിലെ വൈറസ് രോഗ നിയന്ത്രണത്തിന് വാക്സിനേഷൻ നൽകിവരികയാണ്. പശുക്കളിലെ ത്വക് രോഗം നിയന്ത്രണവിധേയമായിട്ടുണ്ട്. എല്ലാ ജില്ലകളിലും മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും കർഷകർക്കുകൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന വിധത്തിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും വകുപ്പിന്റെ കീഴിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള വിവിധ ലാബുകൾ

പ്രവർത്തിക്കുന്നുണ്ടെന്നും നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഉദ്യോഗസ്ഥരെ എല്ലാ മൃഗാശുപത്രികളിലും വിന്യസിച്ചിട്ടുണ്ടെന്നും 120-ഓളം ഡയറി ഫാം ഇൻസ്ട്രക്ടർമാരെ ഉടനടി നിയമിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*212) തൊഴിൽ നയം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേരളത്തെ തൊഴിലാളി സൗഹൃദ സംരംഭക സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് തൊഴിൽ നയം നടപ്പാക്കുന്നതെന്നും അടിസ്ഥാന സൗകര്യ വിപുലീകരണം, ഉത്പാദനക്ഷമതയിലൂന്നിക്കൊണ്ടുള്ള തൊഴിലവസരങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ലിംഗസമത്വം ഉറപ്പുവരുത്തൽ, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കൽ, സമസ്തമേഖലയിലെയും തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷവും മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തൽ തുടങ്ങിയവ സംസ്ഥാന തൊഴിൽ നയത്തിലെ പ്രധാന ലക്ഷ്യങ്ങളാണെന്ന് സഭയെ അറിയിച്ചു. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിൽ വരുന്ന വ്യാപാര വ്യവസായ

സ്ഥാപനങ്ങൾക്ക് 2017 മുതൽ പൊതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡിങ് നടപ്പാക്കുകയും ക്ഷേമ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ/സർക്കാർ അനുബന്ധ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ഇ.എസ്.ഐ.-ൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുമെന്നും ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി ബോധവൽക്കരണം നടത്തുമെന്നും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി 'ആവാസ് പദ്ധതി' നടപ്പിലാക്കിവരുന്നുണ്ടെന്നും എല്ലാ ജില്ലകളിലും 'അപ്നാ ഘർ' പദ്ധതി വ്യാപിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. അൺഎയ്ഡഡ് മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മുത്തൂറ്റ് കമ്പനിയുടെ തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ സേവന-വേതന പരിഷ്കരണം സംബന്ധിച്ച ബിൽ എത്രയുംവേഗം സഭയിൽ അവതരിപ്പിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2279 മുതൽ 2587 വരെയുള്ള ചോദ്യങ്ങളിൽ 218 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)